പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 964 **14-10-2026-ൽ മറുപടിയ്ക്ക്**

നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നെടുമങ്ങാട് മണ്ഡലത്തിലെ മുനിസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലുമായി ഭരണാനുമതി ലഭിച്ച ജൽ ജീവൻ മിഷൻ, അർബൻ അഗ്ലോമറേഷൻ ഉൾപ്പെടെയുള്ള മുഴുവൻ കുടിവെള്ള പദ്ധതികളിലും കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു ശേഷം കൈവരിച്ച പുരോഗതി പദ്ധതി തിരിച്ച് വ്യക്തമാക്കുമോ;

മറുപടി: വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) നെടുമങ്ങാട് മണ്ഡലത്തിലെ മുനിസിപ്പാലിറ്റിയിലും വിവിധ പഞ്ചായത്തുകളിലും നിലവിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വാർഡ് അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി തരംതിരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിവരം ലഭ്യമാക്കുമോ;

മറുപടി: നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങൾ:

-പുലിപ്പാറ വാർഡ് -പുലിപ്പാറ ലക്ഷംവീട് കോളനി (തേവരു കുഴി)

- പറങ്ങോട് വാർഡ് - പറങ്ങോട് തെക്കുംകര

-പാളയത്തിൻ മുകൾ -കൊരളിയോട് -തെറ്റിക്കുന്ന്

-മാണിക്കൽ പഞ്ചായത്തിലെ മാണിക്കൽ, ആലിയാട്, മൂലിയം, തൈക്കാട്, പിരപ്പൻകോട്, കുതിരകുളം, തലയിൽ, ഇടത്തറ, ചിറത്തലയ്ക്കൽ, വെമ്പായം, കട്ടയ്ക്കാൽ, കൊപ്പം, അണ്ണൽ, പ്ലാക്കീഴ്, വേളാവൂർ, കോലിയക്കോട്, കള്ളിക്കാട്, പുലത്തറ, ശാന്തിഗിരി, തീപ്പകൽ, കുന്നിട എന്നീ വാർഡുകളിൽ നിലവിൽ പൂർണ്ണമായും ജലവിതരണം നടത്താൻ സാധിച്ചിട്ടില്ല. വെമ്പായം ഗ്രാമപഞ്ചായത്തിലെ തീപ്പുകൽ, തേക്കട, പെരുങ്കുർ, കണക്കോട്, ചിരാണിക്കര, പന്തലക്കോട്, വേറ്റിനാട്, അയിരുപ്പാറ എന്നി വാർഡുകളും, മണലകം, നേതാജിപുരം, തച്ചപ്പുള്ളി, വാവറഅമ്പലം വെസ്റ്റ്, വാവറഅമ്പലം ഈസ്റ്റ്, പുലിവീട്, ഇടത്തറ, കുരുർ, പണിമൂല, മണ്ണറ, മഞ്ഞമല, കല്ലുർ, കല്ലുവെട്ടി, വേങ്ങോട് എന്നീ വാർഡുകളിൽ പൂർണമായും പോത്തൻകോട് ടൗൺ വാർഡിൽ പോത്തൻകോട് കെ .എസ്. ആർ. ടി. സി. ഡിപ്പോ വരെയും വാളക്കാട് സ്ഥിതി ചെയ്യുന്ന 11 MLD ശുദ്ധീകരണ ശാലയിൽ നിന്നും ദിവസത്തിലൊരിക്കൽ എന്ന ക്രമത്തിൽ കുടിവെള്ളവിതരണം നടത്തി വരുന്നു. പോത്തൻകോട് പഞ്ചായത്തിൽ ഉൾപ്പെട്ട അയിരുപ്പാറ വാർഡിൽ ആഴ്ചയിൽ രണ്ടു

ദിവസം എന്ന ക്രമത്തിൽ ഭാഗികമായി ജലവിതരണം നടത്തി വരുന്നു. ഈ പഞ്ചായത്തിൽ ഉൾപ്പെട്ട മേലേവിള, പ്ലാമൂട്, കാട്ടായിക്കോണം വാർഡുകളിൽ ജലവിതരണം നടത്തുന്നില്ല.

പോത്തൻകോട്, മംഗലാപുരം, മുദാക്കൽ, അണ്ടൂർക്കോണം, കഠിനംകുളം പഞ്ചായത്തുകളിൽ വാളക്കാട് സ്ഥിതിചെയ്യുന്ന 11 MLD ജലശുദ്ധീകരണ ശാലയിൽ നിന്നാണ് പ്രധാനമായും ജലവിതരണം നടത്തുന്നത്. മേൽ പറഞ്ഞ പഞ്ചായത്തുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി KIIFB, Urban Agglomeration പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

(സി) വെമ്പായം, പോത്തൻകോട്, കരകുളം, മാണിക്കൽ തുടങ്ങിയ പഞ്ചായത്തുകളിൽ മിക്കയിടങ്ങളിലും ആഴ്ചയിൽ ഒരു ദിവസം പോലും വെള്ളം ലഭിക്കാത്തവിധം ജനങ്ങൾ നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കുന്നതിന് എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

<u>മറുപടി:</u> വെമ്പായം പഞ്ചായത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി JJM-ൽ പദ്ധതി നടപ്പാക്കി വരുന്ന കരകുളം പഞ്ചായത്തിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് നിലവിലെ ശുദ്ധീകരണ പ്ലാന്റിനു പുറമേ, അർബൻ അഗ്ലോമറേഷൻ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയും മാണിക്കൽ പഞ്ചായത്തിൽ JJM-ൽ ഉൾപ്പെടുത്തി മാണിക്കൽ-നെല്ലനാട് സ്കീമിൽ കുടിവെള്ളവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള വെമ്പായം പഞ്ചായത്തിൽ ബാലൻവിളയിൽ സ്ഥാപിക്കുന്ന 12 MLD ശുദ്ധീകരണ പ്ലാന്റിൽ നിന്നുമാണ് വെമ്പായം പഞ്ചായത്തിനു വേണ്ടി കൂടുതൽ വെള്ളം വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, JJM-ൽ ഉൾപ്പെടുത്തി കൊടിതുക്കി ഉപരിതല സംഭരണിയുടെയും വിതരണ ലൈനിന്റെയും പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടെങ്കിലും ഉയർന്ന ക്വാട്ട് കാരണം അനുമതി ലഭിച്ചിട്ടില്ല. ഇതുകൂടെ പൂർത്തികരിച്ചാൽ മാത്രമെ വെമ്പായം പഞ്ചായത്തിൽ കുടിവെള്ളം വിതരണം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ.

മാണിക്കൽ പഞ്ചായത്തിൽ മാണിക്കൽ-നെല്ലനാട് പദ്ധതിയിലൂടെയും കരകുളം പഞ്ചായത്തിൽ JJM, Urban Agglomeration പദ്ധതികളിലൂടെയും ജലവിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. Urban Agglomeration പദ്ധതിയിൽ ഉൾപ്പെടുത്തി അറവലക്കുന്ന് ഭൂതല സംഭരണി മുതൽ മേലേ തേക്കട വരെയുള്ള AC പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് ₹3.68 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ, PWD റോഡിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പൈപ്പ് മാറ്റിസ്ഥാപിക്കൽ ആരംഭിക്കാനായിട്ടില്ല.

പോത്തൻകോട് പഞ്ചായത്തിൽ വാളക്കാട് സ്ഥിതിചെയ്യുന്ന 11 MLD ജലശുദ്ധീകരണശാലയിൽ നിന്ന് ദിവസത്തിലൊരിക്കൽ എന്ന ക്രമത്തിൽ കുടിവെള്ളവിതരണം നടത്തി വരുന്നു. പോത്തൻകോട് പഞ്ചായത്തിൽ ഉൾപ്പെട്ട അയിരൂപ്പാറ വാർഡിൽ ആഴ്ചയിൽ രണ്ടു ദിവസം എന്നക്രമത്തിൽ ഭാഗികമായി ജലവിതരണം നടത്തി വരുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി KIIFB, Urban Agglomeration പദ്ധതികളിൽ പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്.

(ഡി) മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്ത കുടിവെള്ള പദ്ധതികൾ ഏതെങ്കിലും ഉണ്ടെങ്കിൽ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാതിരിക്കാനുള്ള

തടസ്സങ്ങളും കാരണങ്ങളും വിശദമാക്കാമോ;

മറുപടി: Urban Agglomeration പദ്ധതിയിൽ ഉൾപ്പെടുത്തി അറവലക്കുന്ന് ഭൂതല സംഭരണി മുതൽ മേലേ തേക്കട വരെയുള്ള AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ₹3.68 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ, PWD റോഡിന്റെ നവീകരണം പൂർത്തീകരണ ഘട്ടത്തിലായതിനാൽ പൈപ്പ് മാറ്റി സ്ഥാപിക്കൽ നടത്താനായിട്ടില്ല. അതിനാൽ, പദ്ധതിയിൽ മാറ്റം വരുത്തുന്നതിനുള്ള അനുമതി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് ലഭ്യമാക്കുന്നതിനായി പദ്ധതി നെടുമങ്ങാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി അവലോകന യോഗങ്ങൾ ഉൾപ്പെടെയുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും, വൈകുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രദേശവാസികൾക്ക് കുടിവെള്ള വിതരണം വേഗത്തിൽ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന അടിയന്തര നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മറുപടി: പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കിയും ഉന്നത ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഇടപെടലിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടും പദ്ധതി നിർവഹണം വേഗത്തിലാക്കുന്നു. ഇതു കൂടാതെ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ഓൺലൈൻ സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നു.

സെക്ഷൻ ഓഫീസർ

Annexure

നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ റിപ്പോർട്ട്.

I. നെടുമങ്ങാട് നഗരസഭ

പേരുമലയിൽ സ്ഥിതി ചെയ്യുന്ന 13.75 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാലയിൽ നിന്നാണ് നെടുമങ്ങാട് മുൻസിപ്പാലിറ്റിക്കും, അനുബന്ധ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള വിതരണം നടത്തി വരുന്നത്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ 39 വാർഡുകളുണ്ട്. ടേണനുസരിച്ചാണ് മുൻസിപ്പാലിറ്റിയുടെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നത്. നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ 14,476 കുടിവെള്ള കണക്ഷനുകൾ നിലവിലുണ്ട്. കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാൻ, അമൃത് 2.0, നഗര സഞ്ചയം പദ്ധതികളിലായി വിവിധ പ്രവൃത്തികൾ നഗര സഭാ പ്രദേശത്ത് നടപ്പിലാക്കി വരുന്നു.

1. സ്റ്റേറ്റ് പ്ലാൻ – 2022 – 23

2. സ്റ്റേറ്റ് പ്ലാൻ – 2022 – 23

ഭരണാനുമതി തുക – 9.5 കോടി.

ഇതിൽ 1) പേരുമല പ്ലാന്റ് നവീകരണം – പൂർത്തീകരിച്ചു.

2) മുൻസിപ്പാലിറ്റി പ്രദേശത്തെ പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി – 1 No. – പൂർത്തീകരിച്ചു.

3) കളത്തറ, ശീമമുള, ഉഴപ്പാക്കോണം പമ്പ്ഹൗസുകളിൽ പുതിയ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി – പൂർത്തീകരിച്ചു.

4) മുൻസിപ്പാലിറ്റി പ്രദേശത്തെ പഴയ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി – 1 No

ഈ പ്രവൃത്തിയിൽ നെടുമങ്ങാട് ടൗണിലെയും പരിസരപ്രദേശങ്ങളിലെയും കാലപ്പഴക്കം ചെന്ന AC പൈപ്പ് ലൈനുകൾ മാറ്റിയിടുന്നതിന് ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡുകൾ എല്ലാം തന്നെ പി.ഡബ്ല്യു.ഡി./ കെ.ആർ.എഫ്.ബി.-യുടെ വിപുലീകരണ പ്രവൃത്തിയിലുള്ളതുമാണ്. കേരള വാട്ടർ അതോറിറ്റി പ്രവൃത്തി ടെണ്ടർ ചെയ്തു എങ്കിലും ഓഫർ ലഭിച്ചില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് റീടെണ്ടർ ചെയ്യേണ്ടതുണ്ട്.

2. അമൃത് 2.0 – Ist Phase.

ഭരണാനുമതി തുക – 10.29 കോടി.

അഞ്ച് പാക്കേജുകളായി കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി ക്രമീകരിച്ചു. അതിൽ അഞ്ച് പാക്കേജുകൾ പൂർത്തീകരിച്ചു.

നൽകിയ കണക്ഷൻ – 3746 എണ്ണം.

പ്രവൃത്തിയിൽ ബൂസ്റ്റർ പമ്പുകൾ സ്ഥാപിച്ചത് – 6 എണ്ണം.

3. അമൃത് 2.0 – IInd Phase.

ഭരണാനുമതി തുക –15.5 കോടി.

മൂന്ന് പാക്കേജുകൾ

1. നെടുമങ്ങാട് മുൻസിപ്പാലിറ്റി പ്രദേശത്ത് 1500 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി – പൂർത്തീകരിച്ചു.
2. പേരുമല പ്ലാന്റിൽ പുതിയ എയറേറ്റർ, ക്ലാരിഫയർ മുതലായവ സ്ഥാപിക്കുന്ന പ്രവൃത്തികൾ 80% പൂർത്തീകരിച്ചു. ഇതിൽ Electro mechanical പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.
3. കളത്തറ പമ്പ്ഹൗസ് മുതൽ പേരുമല പ്ലാന്റ് വരെ 600 mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി – ആകെയുള്ള 3400 മീറ്ററിൽ 2400 മീറ്റർ പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു.
4.

4.നഗരസഞ്ചയം 2024–25.

ഭരണാനുമതി തുക –3.68 കോടി.

അറവലക്കുന്ന് ടാങ്ക് മുതൽ മേലെ തേക്കട വരെയുള്ള കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തി. ടെൻഡർ ചെയ്തെങ്കിലും PWD–യുടെ അനുമതി ലഭ്യമാകാത്തതിനാൽ ടെൻഡർ ക്യാൻസൽ ചെയ്തു. ഇതിനുപകരം ഈ ഫണ്ടുപയോഗിച്ച് നെടുമങ്ങാട് മുൻസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണത്തിനായി Revised proposal നെടുമങ്ങാട് മുൻസിപ്പാലിറ്റിയുടെ അറിവോടെ കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുള്ളതാണ്.

II.കരകുളം പഞ്ചായത്ത്

തിരുവനന്തപുരം നഗരവുമായി കോർപ്പറേഷൻ അതിർത്തി പങ്കിടുന്നതും, അതിവേഗം നഗരവൽക്കരണം നടന്നു വരുന്നതുമായ പഞ്ചായത്താണ് കരകുളം ഗ്രാമപഞ്ചായത്ത്. ഈ പഞ്ചായത്തിൽ 14,247 കുടിവെള്ള കണക്ഷൻ നിലവിലുണ്ട്. കുമ്മിയിലെ 5 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാലയിൽ നിന്നാണ് കരകുളം പഞ്ചായത്തിലേക്ക് കുടിവെള്ള വിതരണം നടത്തിവരുന്നത്. രണ്ട്, മൂന്ന് ദിവസത്തെ ടേണുസരിച്ചാണ് വിവിധ റൂട്ടുകളിൽ കുടിവെള്ള വിതരണം നടത്തി വരുന്നത്. നിലവിലെ കുടിവെള്ള വിതരണത്തിന്റെ ശേഷി ഉയർത്തേണ്ടത് ഇവിടെ അത്യാവശ്യമാണ്. ആയതിന് ജലജീവൻ മിഷൻ, Urban agglomeration എന്നീ ഹെഡുകളിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുണ്ട്.

1. നഗരസഞ്ചയം 2020–21.

ഭരണാനുമതി തുക – 12.29 കോടി.

1) മൈലാടുംപാറ – 1 ലക്ഷം ലിറ്റർ ഉപരിതല സംഭരണി – പൂർത്തീകരിച്ചു.

2) കല്ലയം – 2 ലക്ഷം ലിറ്റർ ഉപരിതല സംഭരണി – പൂർത്തീകരിച്ചു.

. 3) കല്ലയം–തണ്ണിർപൊയ്ക –250 mm DI വിതരണ ലൈൻ – 95% പൂർത്തിയായി.

4) കെപ്കോ–കല്ലയം – 250 mm DI പമ്പിംഗ് മെയിൻ– വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തികൾ 30% പൂർത്തികരിച്ചു വരുന്നു.

5) വഴയില -കെപ്കോയിലെ - ബൂസ്റ്റർ പമ്പ്ഹൗസ്- പ്രവൃത്തി പുരോഗമിക്കുന്നു. 60% പൂർത്തിയായി.

6) വഴയില -കെപ്കോ - 400 DI പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി- - വഴയില - കെപ്കോ 400mm പമ്പിങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി -

ഈ പ്രവൃത്തി ജെ.ജെ.എം-ൽ ടെൻഡർ ചെയ്ത് അവാർഡ് ചെയ്തതാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം കരാറുകാരന് പ്രവർത്തികൾ തുടങ്ങാൻ താമസം നേരിട്ടു. എന്നാൽ പിന്നീട് പ്രവർത്തിക്കു വേണ്ടിയുള്ള പൈപ്പുകൾ കരാറുകാരൻ സൈറ്റിൽ ഇറക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പൈപ്പിടുന്നതിനാവശ്യമായ PWD അനുവാദം ഫണ്ടിന്റെ അപര്യാപ്തത മൂലം ലഭ്യമായിട്ടില്ല

2. ജലജീവൻ മിഷൻ

ഭരണാനുമതി തുക - 4849 ലക്ഷം.
ഭരണാനുതി ലഭിച്ച FHTC - 7408 എണ്ണം.
നൽകിയ FHTC-യുടെ എണ്ണം - 4867 എണ്ണം.

നിലവിൽ ജലജീവൻ മിഷനിൽ ഒരു നടപ്പ് പ്രവൃത്തിയുണ്ട്.
വിവിധകാരണങ്ങളാൽ ആയതിന്റെ പുരോഗതി വളരെ കുറവാണ്.

III. മാണിക്കൽ പഞ്ചായത്ത്.

മാണിക്കൽ പഞ്ചായത്തിൽ നിലവിൽ വളരെയധികം പഴക്കമുള്ള വാമനപുരം ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നിന്നാണ് ജല വിതരണം നടത്തി പോരുന്നത്. മാണിക്കൽ പഞ്ചായത്തിൽ നിലവിൽ 3,538 കണക്ഷനുകളുണ്ട്. പ്രോജക്ട് വിഭാഗത്തിന്റെ കീഴിൽ പ്രവൃത്തി പുരോഗമിക്കുന്ന മാണിക്കൽ, നെല്ലനാട് സമഗ്ര കുടിവെള്ള പദ്ധതി പൂർത്തികരിക്കുന്നമുറയ്ക്ക് കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടുന്നതാണ്.

IV.വെമ്പായം പഞ്ചായത്ത്.

വെമ്പായം ഗ്രാമപഞ്ചായത്തിലേയ്ക്ക് കുടിവെള്ള വിതരണം നടത്തിവരുന്നത് 10 MLD ശേഷിയുള്ള CWSS to കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ & വെമ്പായം പഞ്ചായത്തിൽ 6,191 കണക്ഷനുകൾ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. 6 മുതൽ 10 ദിവസത്തെ ഇടവേളകളിലാണ് വെമ്പായം പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തി വരുന്നത്. പ്രോജക്ട് ഡിവിഷന് കീഴിൽ നടന്ന് വരുന്ന പനവൂർ, പുല്ലമ്പാറ, വെമ്പായം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള 12 MLD സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ അടുത്തിടെ തുടങ്ങിയിട്ടുണ്ട്. ഇങ്ങനെ ഈ പ്രവൃത്തികൾ പൂർത്തികരിച്ചാൽ മാത്രമേ വെമ്പായം പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനായി സാധിക്കുകയുള്ളൂ. എന്നാൽ ശുദ്ധീകരണ പ്ലാന്റിൽ നിന്നും വിഭാവനം ചെയ്തതനുസരിച്ച് പഞ്ചായത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനുമായി ഉപരിതല സംഭരണിയുടെ പ്രേഷണ വിതരണ ലൈനുകളുടെ പ്രവൃത്തികളും ടെൻഡർ ചെയ്ത

അവസ്ഥയിലാണ്. ഉയർന്ന തുക കാട് ചെയ്തത് മൂലം ഇതിന് സർക്കാരിന്റെ അനുമതി ലഭ്യമാകാനുണ്ട്.

1. **ജലജീവൻ മിഷൻ**

ഭരണാനുമതി തുക	- 4551 ലക്ഷം.
ഭരണാനുതി ലഭിച്ച FHTC	- 9644 എണ്ണം.
നൽകിയ FHTC-യുടെ എണ്ണം	- 6262 എണ്ണം.

നിലവിൽ 8 നടപ്പ് പദ്ധതികൾ ഉണ്ട്. ആയതിൽ രണ്ടെണ്ണം തുടങ്ങിയിട്ടില്ല. വിവിധ കാരണങ്ങളാൽ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വളരെ കുറവാണ്.